## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4458 — 13.11.2019 -ൽ മറുപടിയ്ക്ക്

## സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്:** | **ശ്രീ. എ. കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |

| | | | |
| --- | --- | --- | --- |
| എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ബോർഡിൽനിന്ന് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | എ) | ചികിത്സാ സഹായം, വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തര ചെലവ്/സഹായം, പെൻഷൻ, ഫാമിലി പെൻഷൻ എന്നീ ആനുകൂല്യങ്ങൾ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്നു. |
| ബി) | പ്രസ്തുത ബോർഡിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | പതിനെട്ട് വയസ്സ് പൂർത്തിയായിട്ടുള്ളവരും എന്നാൽ അറുപത് വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ ഓരോ സാംസ്കാരിക പ്രവർത്തകനും ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. സാംസ്കാരിക പ്രവർത്തകൻ, അയാൾ ആക്ടിന്റെ അർത്ഥ വ്യാപ്തിയിൽപ്പെടുന്ന ഒരു സാംസ്കാരിക പ്രവർത്തകനാണെന്നുള്ളതിന് ബന്ധപ്പെട്ട അക്കാദമിയിൽ നിന്നോ ട്രേഡ് ബോഡിയിൽ നിന്നോ സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും നികായത്തിൽ നിന്നോ സമാജത്തിൽ നിന്നോ ഉള്ള ഒരു ശുപാർശ സർട്ടിഫിക്കറ്റ് ആക്ടിനു കീഴിലുള്ള നിധിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള ഒരാവശ്യകത എന്ന നിലയിൽ ഹാജരാക്കേണ്ടതാണ്. ആക്ടിൽ നിർവചിച്ചിരിക്കുന്ന ഒന്നിലധികം സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു സാംസ്കാരിക പ്രവർത്തകൻ ഫണ്ടിലേയ്ക്കുള്ള അംഗത്വത്തിനായി ബന്ധപ്പെട്ട ഒരു അക്കാദമിയോ ട്രേഡ് ബോഡിയോ അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച ഏതെങ്കിലും നികായമോ സമാജമോ തിരഞ്ഞെടുക്കേണ്ടതും അത്തരം തിരഞ്ഞെടുപ്പ് ഒരിക്കൽ വിനിയോഗിച്ചാൽ അത് അന്തിമമായിരിക്കുന്നതുമാണ്. |

1-ാം ഉപവകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്യാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അദ്ദേഹം അപ്രകാരം ചെയ്യുന്നതിന് ആഗ്രഹിക്കുന്ന പക്ഷം, അദ്ദേഹത്തിന്റെ പേര് പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നിധിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ആക്റ്റിലേയും അതിൻകീഴിലുണ്ടാക്കിയ പദ്ധതികളുടെയും പ്രാരംഭത്തിനു മുൻപ് അറുപത് വയസ്സ് പൂർത്തിയായിട്ടുള്ള ഒരു സാംസ്കാരിക പ്രവർത്തകൻ പദ്ധതിയിൽ നിർദ്ദേശിക്കുന്ന രീതിയിലും കാലയളവിനുള്ളിലും ഏറ്റവും കുറഞ്ഞ പെൻഷൻ ലഭിക്കുന്നതിനായി അയാളുടെ പേര് നിധിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം ഓരോ അംഗവും അപേക്ഷാ ഫീസ് നൽകേണ്ടതാണ്. അപേക്ഷാ ഫീസ് നേരിട്ട് പണമായോ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്. ചലച്ചിത്ര മേഖലയിലെ നിർമ്മാതാവ്, സംവിധായകൻ, ചിത്ര സംയോജകൻ, ഗാനരചയിതാവ്, ക്യാമറാ സംവിധായകൻ, വിതരണക്കാരൻ, അഭിനേതാവ്, ടെലിവിഷൻ സീരിയലുകളിലെ അഭിനേതാവ്, സ്റ്റുഡിയോകളുടെയും ലാബുകളുടെയും ഉടമകൾ, തിയേറ്റർ ഉടമകൾ എന്നിവർക്ക് 200 രൂപയും മറ്റ് കലാ- സാംസ്കാരിക സാഹിത്യ രംഗങ്ങളിലുള്ളവർക്ക് 50 രൂപയുമാണ് അപേക്ഷാ ഫീസും പ്രതിമാസ അംശദായവും.

സി) ഇപ്പോൾ ഈ ബോർഡിൽനിന്ന് എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നും എന്താണ് ആനുകൂല്യങ്ങളെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

സി) നിലവിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും 2792 പേർക്ക് പെൻഷനും 107 പേർക്ക് ഫാമിലി പെൻഷനും നൽകി വരുന്നു. പെൻഷൻ നൽകുന്നവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പെൻഷൻ നൽകുന്നവരുടെ എണ്ണം | ഫാമിലി പെൻഷൻ നൽകുന്നവരുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 477 | 27 |
| 2 | കൊല്ലം | 378 | 6 |
| 3 | പത്തനംതിട്ട | 49 | 1 |
| 4 | ആലപ്പുഴ | 260 | 2 |

| | | | |
|---|---|---|---|
| 5 | കോട്ടയം | 117 | 4 |
| 6 | ഇടുക്കി | 6 | Nil |
| 7 | എറണാകുളം | 323 | 10 |
| 8 | തൃശ്ശൂർ | 215 | 10 |
| 9 | പാലക്കാട് | 161 | 8 |
| 10 | മലപ്പുറം | 40 | 3 |
| 11 | കോഴിക്കോട് | 274 | 15 |
| 12 | വയനാട് | 10 | 1 |
| 13 | കണ്ണൂർ | 297 | 13 |
| 14 | കാസർഗോഡ് | 185 | 7 |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനരീതി എന്താണെന്നും ബോർഡിന് എല്ലാ ജില്ലകളിലും ഓഫീസുകൾ ഉണ്ടോ എന്നും അറിയിക്കാമോ? | ഡി) | കേരള സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതോ ഏർപ്പെട്ടിരുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ, ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി രൂപീകരിച്ച സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ നടത്തിപ്പിനും നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും വേണ്ടിയാണ് കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.<br><br>സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം രൂപീകരിച്ച ക്ഷേമനിധിയിൽ നിക്ഷിപ്തമായിരിക്കുന്ന കാര്യങ്ങളുടെ ഭരണ നിർവ്വഹണം നടത്തുക, പദ്ധതി പ്രകാരം കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പ്രചോദനവും പിൻബലവും പ്രോത്സാഹനവും നൽകുക, ഉപജീവനത്തിനായി കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ വിഭിന്നമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക, ഇവയുടെ കണക്കുകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുക, കല, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകരുടെ ക്ഷേമത്തിന് ആവശ്യമായ പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുക, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിന്റെ ഭരണ നിർവ്വഹണത്തിന് ആവശ്യമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് |

സർക്കാരിനോട് ശിപാർശ ചെയ്യുക, ബോർഡിന്റെ ആഡിറ്റ് ചെയ്ത വാർഷിക സാമ്പത്തികകാര്യ സ്റ്റേറ്റ്മെന്റ് സർക്കാരിന് സമർപ്പിക്കുക, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന ചുമതലകൾ ഏറ്റെടുക്കുക എന്നിവയാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ.

തിരുവനന്തപുരം ആസ്ഥാനമായ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന് മറ്റ് ജില്ലകളിൽ ഓഫീസുകളില്ല.

**സെക്ഷൻ ഓഫീസർ**